**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3808** **17-03-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾക്ക് നൽകിവരുന്ന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര മന്ത്രിമാർ ഒഴികെയുള്ള എം.പി.മാർക്ക് കേരളത്തിനകത്തുള്ള ഔദ്യോഗിക കാര്യ നിർവഹണത്തിൽ സഹായിക്കുന്നതിനായി സർക്കാർ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥനെ പേഴ്സണൽ അസിസ്റ്റന്റായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് വരുന്നുണ്ട്. കൂടാതെ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ, കേന്ദ്രമന്ത്രിമാർ എന്നിവർ ഒഴികെ കേരളത്തിൽ നിന്നുള്ള ഓരോ പാർലമെന്റംഗത്തിനും ഒരു ഡ്രൈവറെ വീതം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അല്ലെങ്കിൽ പ്രതിമാസ വേതന വ്യവസ്ഥയിലോ നിയമിച്ച് വരുന്നുണ്ട്.<br><br>കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പാർലമെന്റ് അംഗങ്ങൾക്ക് ലോകസഭാ സെക്രട്ടറിയേറ്റിൽ നിന്നുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ പുതിയ താമസസൗകര്യം ലഭ്യമാക്കുന്നതുവരെ ഡൽഹി കേരള ഹൗസിൽ താൽക്കാലിക താമസസൗകര്യം ക്രമീകരിച്ച് നൽകാറുണ്ട്. കൂടാതെ, എം.പി മാരുടെ ഔദ്യോഗികാവശ്യങ്ങൾക്കായി ഡൽഹി കേരള ഹൗസിൽ വാഹന സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്. അതോടൊപ്പം, പാർലമെന്റ് അംഗങ്ങളുടെ സംസ്ഥാന സന്ദർശനവേളകളിൽ സർക്കാർ അതിഥിമന്ദിരങ്ങളിൽ ഇളവ് നിരക്കിൽ താമസസൗകര്യം അനുവദിച്ച് നൽകാറുമുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന മലയാളികളായ എം.പി.മാർക്കും നോമിനേറ്റ് ചെയ്യപ്പെടുന്ന മലയാളികളായ എം.പി.മാർക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മലയാളികളായ എം. പി. മാർക്കും നോമിനേറ്റ് ചെയ്യപ്പെടുന്ന മലയാളികളായ എം. പി. മാർക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഡൽഹി കേരള ഹൗസിൽ മേൽ സൂചിപ്പിച്ച സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഇതര സംസ്ഥാനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മലയാളികളായ എം.പി മാർക്ക് സംസ്ഥാന സർക്കാർ അതിഥി മന്ദിരങ്ങളിൽ നിരക്കിളവ് അനുവദിച്ചു നൽകാറില്ല. |

സെക്ഷൻ ഓഫീസർ